# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5016** **14.11.2019-ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് റോഡുകൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച വിവിധ റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡുപ്രവൃത്തികൾക്ക് 965.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 6 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സ്ഥലം പഞ്ചായത്തിൽ നിന്നും രേഖാമൂലം കൈമാറി ലഭിക്കാത്തതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത റോഡ് നിർമ്മാണങ്ങൾക്കാവശ്യമായ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ;<br><br>സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനും നിർമ്മാണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി) & സി) ഭരണാനുമതി നൽകിയ 14 റോഡ് പ്രവൃത്തികളിൽ 8 റോഡു പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി പഞ്ചായത്തിൽ നിന്നും റോഡിനാവശ്യമായ സ്ഥലം രേഖാമൂലം കൈമാറി ലഭിക്കാനുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസൃതമായി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി (തുക ലക്ഷത്തിൽ) | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ മുക്ക് റോഡ് | 28.00 | 17.09.2016 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 29.05.2017 ൽ പൂർത്തീകരിച്ചു |
| 2 | വള്ളികുന്നം പഞ്ചായത്തിലെ വിവേകാനന്ദ ജംഗ്ഷൻ മാവോലിമുക്ക് റ്റി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | 04.05.2017 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 15.02.2018 ൽ പൂർത്തീകരിച്ചു |
| 3 | വള്ളികുന്നം - പള്ളിക്കത്തറ – കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | 04.05.2017 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 15.02.2018 ൽ പൂർത്തീകരിച്ചു |
| 4 | ആശാൻമുക്ക് ഏലിയാസ് നഗർ റോഡ് – നൂറനാട് പഞ്ചായത്ത് | 22.79 | 24.05.2017 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 25.10.2018 ൽ പൂർത്തീകരിച്ചു |
| 5 | നൂറനാട് ചുനക്കര പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 | 03/01/2018 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 20.05.2019 ൽ പൂർത്തീകരിച്ചു |
| 6 | വള്ളിക്കുന്നം കാഞ്ഞിരത്തുമൂട് പുത്തൻചന്ത റോഡ് | 46.00 | 07.11.2018 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി 17.04.2019 ൽ പൂർത്തീകരിച്ചു |
| പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ | | | |
| 1 | കള്ളിക്കുന്നിൽമുക്ക് കമ്പിളിമല – നൂറനാട് പഞ്ചായത്ത് | 77.91 | 01.03.2018 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തി, കരാർ പ്രകാരമുള്ള രണ്ട് സബ് റോഡുകളുടെ പ്രവൃത്തി തുടങ്ങാതെ മെയിൻ റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട തർക്കം ഉന്നയിച്ചതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ സബ് റോഡ് 1-ന്റെ കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. RCC റീട്ടെയ്നിംഗ് വാളിന്റെ നിർമ്മാണം പുരോഗതിയിലാണ്. ടി പ്രവൃത്തി 31/12/2019 ന് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| 2 | താമരക്കുളം ജംഗ്ഷൻ നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | 15.03.2019 ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത പ്രവൃത്തിയുടെ ഡ്രെയിൻ നിർമ്മാണം പുരോഗമിക്കുന്നു. ടാറിംഗ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 31-12-2019 ൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സാങ്കേതികാനുമതി നൽകുവാനുള്ള പ്രവൃത്തികൾ | | | |
| 1 | നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് പറയാകുളം ജംഗ്ഷൻ | 109.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥല ലഭ്യതയ്ക്കായി പഞ്ചായത്തിന് 24-10-2019 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| 2 | തഴക്കര പഞ്ചായത്ത്– വെട്ടിയാർപാലം ആറ്റുതീരം റോഡ് | 111.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥല ലഭ്യതയ്ക്കായി പഞ്ചായത്തിന് 11-10-2019 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| 3 | തഴക്കര പഞ്ചായത്ത് അയ്യൻകോവിലാർഅക്വാഡക്റ്റ് മാങ്കുഴി കോട്ടമുക്ക് ജംഗ്ഷൻ | 66.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥല ലഭ്യതയ്ക്കായി പഞ്ചായത്തിന് 11-10-2019 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| 4 | പ്രായിക്കര - അയ്യൻകോവിലാർ തീരദേശറോഡ് | 76.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥല ലഭ്യതയ്ക്കായി പഞ്ചായത്തിന് 21-10-2019 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതോടെ സാങ്കേതി കാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| 5 | മന്ദാലിൽക്ഷേത്രം നിരവിനാൽ കോളനി റോഡ് തഴക്കര പഞ്ചായത്ത് | 101 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥല ലഭ്യതാ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭ്യമാകാത്തതിനാൽ സാങ്കേതി കാനുമതി നൽകാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**